SUHOL AL FAYHA TRADING LLC
FIRST ISO CERTIFIED FRESH PRODUCE COMPANY IN OMAN
P.O Box: 3347, PC 111, Central Market - Al Mawaleh, Sultanate of Oman
[T] +968 2454 6458 [F] +968 2453 7468
www.suholalfayha.com
ISO 9001:2008
OMAN • UAE • INDIA

The First International Indian Newspaper
ഗൾഫ് മാധ്യമം
OMAN
200 BAISE
gulf madhyamam
GMYM 171 ● FRIDAY, AUGUST 3, 2012 ❖ RAMADAN 14, 1433 ● PAGE 16
ISSUE 4840

The Best on Your Wrist !!
DOMINO
SWISS QUARTZ
Authorised Distributor in Oman:Sohar Modern Lights Trading L.L.C
Contact 92926599, Web:www.dominoworldtime.com

3
ആഗസ്റ്റ്
2012
വെള്ളി

ഈജിപ്തിൽ ജനകീയ സർക്കാറിന് കളമൊരുക്കി ഖൻദീൽ

■ പേജ് 5 അന്താരാഷ്ട്രീയം

ആണവ നിലയത്തിനെതിരെ മുൻകരസേനാ മേധാവി

■ പേജ് 7 പൊതുവൃത്താന്തം

ബോൾട്ടിന് യൊഹാൻ ബ്ലോക്

■ പേജ് 14 കായികം

പ്രവാസത്തിന്റെ പാതി നൂറ്റാണ്ടും ഗൾഫ് മാധ്യമത്തിന്റെ പതിറ്റാണ്ടും

അക്രമ ഹർത്താൽ

- കാസർകോട്ട് ഡി.വൈ.എഫ്.ഐക്കാരൻ മരിച്ചു
- കൊലയെന്ന് സി.പി.എം; പങ്കില്ലെന്ന് ലീഗ്
- വടക്കഞ്ചേരിയിൽ സി.പി.എമ്മുകാരനും ആലപ്പുഴയിൽ കോൺഗ്രസുകാരനും കുഴഞ്ഞുവീണുമരിച്ചു
- ഹർത്താൽ ബന്ദായി; പെരുവഴിപോലുമില്ലാതെ ജനം
- കണ്ണൂരിൽ 140ഓളം പാർട്ടി ഓഫിസുകൾ തകർത്തു; 10,000 പേർക്കെതിരെ കേസ്

കാസർകോട്ട് ഹർത്താലനുകൂലികളെ ഓടിക്കുന്ന പൊലീസിനെ തടയാൻ ശ്രമിക്കുന്ന സി.പി.എംനേതാവും മുൻ എം.എൽ.എയുമായ സി.എച്ച് കുഞ്ഞമ്പു

കൂടുതൽ ചിത്രങ്ങൾക്ക്: www.madhyamam.com

സ്വന്തം ലേഖകർ

പി.ജയരാജന്റെ അറസ്റ്റിൽ പ്രതിഷേധിച്ച് സി.പി.എം ആഹ്വാനം ചെയ്ത 12 മണിക്കൂർ ഹർത്താലിൽ സംസ്ഥാനത്ത് വ്യാപക അക്രമം. സംഘർഷത്തിനിടെ കാസർകോട് ഉദുമക്കടുത്ത് ഡി.വൈ.എഫ്.ഐ പ്രവർത്തകൻ മരണപ്പെട്ടു. പാലക്കാട് വടക്കഞ്ചേരിയിൽ ഹർത്താൽ അനുകൂല പ്രകടനത്തിനിടെ സി.പി.എം പ്രവർത്തകൻ കുഴഞ്ഞുവീണ് മരിച്ചു.

ഹർത്താലിൽ ജനജീവിതം പൂർണമായും സ്തംഭിച്ചു. ഇരുചക്ര വാഹനങ്ങളൊഴികെ മറ്റു വാഹനങ്ങളൊന്നും റോഡിലിറങ്ങിയില്ല. കെ.എസ്.ആർ.ടി.സി ബസുകൾ സർവീസ് നടത്തിയില്ല. സ്വകാര്യ സ്ഥാപനങ്ങളെല്ലാം അടഞ്ഞുകിടന്നു. സർക്കാർ സ്ഥാപനങ്ങളിൽ ഹാജർ നില വളരെ കുറവായിരുന്നു. സാധാരണ ഹർത്താലിൽനിന്ന് വ്യത്യസ്തമായി വ്യാപകമായി വഴിതടയൽ നടന്നതിനാൽ ജനം പുറത്തിറങ്ങിയില്ല. റോഡിലിറങ്ങിയ വാഹനങ്ങൾക്കുനേരെ പലയിടത്തും അക്രമമുണ്ടായി.

ഉദുമയിൽ ഹർത്താൽ ദിനത്തിൽ പ്രകടനം കഴിഞ്ഞ് മടങ്ങുകയായിരുന്ന ഡി.വൈ.എഫ്.ഐ പ്രവർത്തകനാണ് മരിച്ചത്. ഡി.വൈ.എഫ്.ഐ കീക്കാനം യൂനിറ്റ് പ്രസിഡന്റ് ഉദുമ പനയാൽ അമ്പങ്ങാട് ടി. മനോജ് (24) ആണ് വ്യാഴാഴ്ച ഉച്ച ഒരു മണിയോടെ ആശുപത്രിയിൽ മരിച്ചത്. മുസ്ലിംലീഗ് പ്രവർത്തകരുടെ ചവിട്ടേറ്റാണ് മനോജ് മരിച്ചതെന്ന് സി.പി.എം ജില്ലാ നേതൃത്വം ആരോപിച്ചു. എന്നാൽ, മരണവുമായി തങ്ങൾക്ക് ബന്ധമില്ലെന്ന് മുസ്ലിം ലീഗ് നേതൃത്വം പറയുന്നു.

മനോജിനൊപ്പമുണ്ടായിരുന്ന എസ്.എഫ്.ഐ കാസർകോട് ജില്ലാ ജോയന്റ് സെക്രട്ടറി എ.വി. ശിവപ്രസാദിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വ്യാഴാഴ്ച ഉച്ച 12.30ഓടെ സി.പി.എം തച്ചങ്ങാട് ലോക്കൽ സെക്രട്ടറി എം. കരുണാകരനെ (48) ബൈക്കുകളിലെത്തിയ ലീഗ് പ്രവർത്തകർ ആക്രമിച്ചിരുന്നു. കരുണാകരനെ ആക്രമിച്ച് 15 മിനിറ്റിനകം, പ്രകടനം കഴിഞ്ഞ് പള്ളിക്കര തച്ചങ്ങാട് റോഡിലൂടെ നടന്നുപോവുകയായിരുന്ന മനോജിനെയും ശിവപ്രസാദിനെയും അതേ സംഘം ആക്രമിച്ചത്രെ. താൻ ഓടിരക്ഷപ്പെട്ടെങ്കിലും മനോജ് അക്രമികളുടെ അടിയേറ്റ് വീഴുകയായിരുന്നെന്നാണ് ശിവപ്രസാദ് പറയുന്നത്. താഴെ വീണ മനോജിനെ അക്രമികൾ ചവിട്ടിയതായി പറയുന്നു. നാട്ടുകാർ മനോജിനെ ഉടൻ ഉദുമ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചശേഷം കാസർകോട്ടെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. അതേസമയം, മരണം എങ്ങനെ സംഭവിച്ചെന്ന് പൊലീസ് വ്യക്തമാക്കുന്നില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നാലേ എന്തെങ്കിലും പറയാൻ കഴിയൂവെന്നാണ് ബേക്കൽ എസ്.ഐ ഉത്തംദാസ് പ്രതികരിച്ചത്.

മുസ്ലിം ലീഗ് പ്രവർത്തകരുടെ ചവിട്ടേറ്റാണ് മരണമെന്ന് സി.പി.എം കാസർകോട് ജില്ലാ സെക്രട്ടറി കെ.പി. സതീഷ്ചന്ദ്രൻ ആരോപിച്ചു. കാസർകോട് വിദ്യാനഗറിൽ യമഹ ഷോറൂമിലെ ജീവനക്കാരനാണ് മരിച്ച മനോജ്.

മനോജിന്റെ മൃതദേഹത്തിന് സമീപം സി.പി.എം കാസർകോട് ജില്ലാ സെക്രട്ടറി കെ.പി. സതീഷ്ചന്ദ്രൻ, ഉദുമ എം.എൽ.എ കെ. കുഞ്ഞിരാമൻ തുടങ്ങിയവർ

കാസർകോട് ജില്ലയിൽ പരക്കെ അക്രമമുണ്ടായി. ഹർത്താൽ അനുകൂലികൾ പൊലീസ് ജീപ്പ് തകർത്തതിനെ തുടർന്ന് കാസർകോട് ഗവ. ജി.യു.പി സ്കൂളിന് സമീപം ഗ്രനേഡ് പ്രയോഗിച്ചു.

കണ്ണൂർ ജില്ലയിൽ രണ്ടിടത്ത് പൊലീസ് ഗ്രനേഡ് പ്രയോഗിച്ചു. കനത്ത പൊലീസ് സന്നാഹത്തിനിടയിലും ജില്ലയിൽ പരക്കെ അക്രമം അരങ്ങേറി. പാർട്ടി ഓഫിസുകൾക്ക് നേരെയുള്ള അക്രമങ്ങൾ തുടരുകയാണ്. പാനൂർ, പയ്യന്നൂർ, തലശ്ശേരി, തളിപ്പറമ്പ് മേഖലകളിൽ പാർട്ടി ഓഫിസുകൾക്ക് നേരെയും വാഹനങ്ങൾക്ക് നേരെയും വ്യാപക അക്രമം നടന്നു. ജില്ലയിൽ രണ്ടു ദിവസത്തിനകം 140ഓളം പാർട്ടി ഓഫിസുകൾ തകർത്തതായാണ് അനൗദ്യോഗിക കണക്ക്. വ്യാഴാഴ്ച രാവിലെ ലഭ്യമായ കണക്കനുസരിച്ച് 56 പാർട്ടി ഓഫിസുകൾ തകർത്തിട്ടുണ്ട്. ഇവയിൽ 38 എണ്ണം കോൺഗ്രസിന്റേതും 13 ലീഗിന്റേതും രണ്ട് വീതം സോഷ്യലിസ്റ്റ് ജനതയുടേതും സി.പി.എമ്മിന്റേതുമാണ്. ബുധനാഴ്ച വിവിധ സ്ഥലങ്ങളിലായി നടന്ന പൊലീസ് സ്റ്റേഷൻ മാർച്ചുകളോടനുബന്ധിച്ച് മാത്രം 40 കേസുകളെടുത്തിട്ടുണ്ട്. 10,000 പേർക്കെതിരെയാണ് കേസെടുത്തത്.

മലപ്പുറം ജില്ലയിൽ പലയിടങ്ങളിലും അക്രമവും സംഘർഷവും അരങ്ങേറി. പള്ളിക്കൽ ബസാറിൽ റോഡ് ഉപരോധിച്ച ഹർത്താൽ അനുകൂലികൾ നടത്തിയ കല്ലേറിൽ തിരൂരങ്ങാടി സി.ഐ ഉമേഷ്, തേഞ്ഞിപ്പലം എസ്.ഐ ബാലഗംഗാധരൻ എന്നിവർക്ക് പരിക്കേറ്റു. പരപ്പനങ്ങാടി പാലത്തിങ്ങലിൽ സി.പി.എം-മുസ്ലിം ലീഗ് പ്രവർത്തകർ ഏറ്റുമുട്ടി. സംഘർഷത്തിൽ എസ്.ഐ മോഹനനും പൊലീസുകാർക്കും പരിക്കേറ്റു. എടപ്പാൾ ജങ്ഷനിൽ ആറ് ചരക്ക് ലോറികൾക്ക് നേരെ ഹർത്താൽ അനുകൂലികൾ നടത്തിയ കല്ലേറിൽ ചില്ലുകൾ തകർന്നു.

മനോജ്

ഷൺമുഖൻ

ബഷീർ

പാലക്കാട് വടക്കഞ്ചേരിയിൽ പ്രകടനത്തിനിടെ സി.പി.എം പ്രവർത്തകൻ അഞ്ചുമൂർത്തിമംഗലം എണ്ണക്കപ്പാടം ചെല്ലന്റെ മകൻ ഷൺമുഖൻ (44) ആണ് മരിച്ചത്. ജില്ലയിൽ കോൺഗ്രസ് ഓഫിസുകൾക്ക് നേരെ വ്യാപക ആക്രമണമുണ്ടായി.

ജില്ലയുടെ പല ഭാഗങ്ങളിലും യു.ഡി.എഫ് സംഘടനകളുടെ ഫ്ലക്സ് ബോർഡുകളും കൊടികളും നശിപ്പിച്ചു.

കോഴിക്കോട് നഗരത്തിലും ജില്ലയിലെ ഗ്രാമീണ മേഖലകളിലും വ്യാപക അക്രമം അരങ്ങേറി. വളയം പൊലീസ് സ്റ്റേഷനുനേരെ ബോംബേറും ഫറോക്ക് പൊലീസ് സ്റ്റേഷനുനേരെ കല്ലേറുമുണ്ടായി. നഗരത്തിലെ വേങ്ങേരിക്ക് സമീപം വഴി തടഞ്ഞവരെ പിരിച്ചുവിടാനെത്തിയ പൊലീസിന്റെ രണ്ട് വാഹനങ്ങൾ എറിഞ്ഞുതകർത്തു. അഞ്ച് പൊലീസുകാർക്ക് പരിക്കുണ്ട്. നഗരത്തിൽ സപ്ലൈകോ പെട്രോൾ ബങ്ക് ഒരു സംഘം ഹർത്താലനുകൂലികൾ ആക്രമിച്ചു കേടുവരുത്തി. എൽ.ഐ.സി, കിർത്താഡ്സ് തുടങ്ങി ഓഫിസുകൾ ബലമായി അടപ്പിച്ചു.

തൃശൂരിൽ സി.പി.എം പ്രകടനങ്ങൾക്കിടെ പരക്കെ അക്രമങ്ങൾ. പലയിടത്തും റോഡ് ഉപരോധിച്ചു. കൊടുങ്ങല്ലൂരിൽ മാരകായുധങ്ങളുമായി പോസ്റ്റോഫിസിലേക്ക് തള്ളിക്കയറി. കെ.കരുണാകരന്റെ പ്രതിമക്കു നേരെ ആക്രമണമുണ്ടായി.

ആലപ്പുഴയിൽ ഡി.സി.സി ഓഫിസ് ആക്രമിച്ചു. കായംകുളത്ത് കോൺഗ്രസ് ഓഫിസിനു നേരെ പെട്രോൾ ബോംബ് എറിഞ്ഞു. ബസുകൾക്കു നേരെ കല്ലേറും നടന്നു.

ഡി.സി.സി ഓഫിസിനുനേരെ നടന്ന ആക്രമണത്തിൽ പ്രതിഷേധിച്ച് മാരാരിക്കുളം ബ്ലോക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മണ്ണഞ്ചേരിയിൽ നടന്ന പ്രകടനത്തിനിടയിൽ കോൺഗ്രസ് നേതാവ് എൻ.എ.എം. ബഷീർ (54) കുഴഞ്ഞുവീണ് മരിച്ചു

എറണാകുളം ജില്ലയിലും ഹർത്താൽ പൂർണമായിരുന്നു. കടകമ്പോളങ്ങൾ അടഞ്ഞുകിടന്നു. എടത്തല പഞ്ചായത്തോഫിസിലെ ജീവനക്കാരിയെ ഹർത്താൽ അനുകൂലികൾ മുറിയിൽ പൂട്ടിയിട്ടു.

കോട്ടയത്ത് വൈക്കം, ഏറ്റുമാനൂർ എന്നിവിടങ്ങളിലുണ്ടായ നേരിയ സംഘർഷമൊഴിച്ചാൽ ഹർത്താൽ പൊതുവേ സമാധാനപരമായിരുന്നു.

ഇടുക്കി തൊടുപുഴയിൽ മാതൃഭൂമി ലേഖകൻ ജി. വേണുഗോപാലിനെ മർദിച്ച ഹർത്താൽ അനുകൂലികൾ കാമറ നശിപ്പിക്കാനും ശ്രമിച്ചു. സംഭവത്തിൽ മൂന്നുപേരെ പൊലീസ് പിടികൂടി.

പത്തനംതിട്ടയിൽ പത്തനംതിട്ട ടൗൺ, തിരുവല്ല, അടൂർ, പന്തളം എന്നിവിടങ്ങളിൽ അക്രമം നടന്നു.

തിരുവനന്തപുരം നെടുമങ്ങാട്ട് കെ.എസ്.ആർ.ടി.സി ഡ്രൈവർക്ക് നേരെയും കാട്ടാക്കട ഡിപ്പോക്ക് നേരെയും ആക്രമണം നടന്നു. സിൻഡിക്കേറ്റ് യോഗത്തിൽ പങ്കെടുക്കാനെത്തിയ പ്രോ വൈസ്ചാൻസലർ ജെ. പ്രഭാഷിനെ തടഞ്ഞതുമൂലം തിരിച്ചുപോകേണ്ടി വന്നു. ഹാജർനില കുറവായിരുന്നെങ്കിലും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫിസുകൾ പ്രവർത്തിച്ചു.

കൊല്ലം തട്ടാമലയിൽ വാഹനം തടയാനെത്തിയ ഹർത്താലനുകൂലികൾ വീടുകൾക്കുനേരെ നടത്തിയ കല്ലേറിൽ സ്ത്രീകൾ ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേറ്റു.

കാസർകോട് ഇന്ന് എൽ.ഡി.എഫ് ഹർത്താൽ

കാസർകോട്: ഡി.വൈ.എഫ്.ഐ പ്രവർത്തകൻ മനോജിന്റെ മരണത്തിൽ പ്രതിഷേധിച്ച് ഇന്ന് കാസർകോട് ജില്ലയിൽ ഹർത്താലിന് എൽ. ഡി.എഫ് ആഹ്വാനം ചെയ്തു. രാവിലെ ആറ് മുതൽ വൈകീട്ട് അഞ്ച് വരെയാണ് ഹർത്താൽ. റമദാൻ കണക്കിലെടുത്താണ് വൈകീട്ട് അഞ്ച് വരെയാക്കി പരിമിതപ്പെടുത്തിയത്.

കണ്ണൂർ വാഴ്സിറ്റി പരീക്ഷകൾ മാറ്റി

മാങ്ങാട്ടുപറമ്പ്: കണ്ണൂർ സർവകലാശാല ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവെച്ചതായി പരീക്ഷാ കൺട്രോളർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

ഇന്ത്യൻ പ്രതീക്ഷയായി സൈന

ലണ്ടൻ: ഒളിമ്പിക്സ് ബാഡ്മിന്റണിൽ സെമി ഫൈനലിലെത്തുന്ന ആദ്യ ഇന്ത്യൻ താരമെന്ന നേട്ടത്തോടെ സൈന നെഹ്വാൾ ഒളിമ്പിക്സിൽ രാജ്യത്തിന്റെ പ്രതീക്ഷകൾ സജീവമാക്കി. ലണ്ടനിലെ വെംബ്ലി അറീനയിൽ നടന്ന വനിതാ വിഭാഗം സിംഗ്ൾസ് ക്വാർട്ടറിൽ ഡെന്മാർക്കിന്റെ ടിനെ ബൗനിനെ നേരിട്ടുള്ള സെറ്റുകൾക്കാണ് സൈന തകർത്ത്. (21-15, 22-20). ഇന്ന് ഉച്ചക്ക് ഇന്ത്യൻ സമയം 2.30ന് നടക്കുന്ന സെമി ഫൈനലിൽ ചൈനയുടെ ലോക ഒന്നാം നമ്പർ താരവും ടോപ് സീഡുമായ യിഹാൻ വാങ് ആണ് സൈനയുടെ എതിരാളി.

അതേ സമയം, പുരുഷ ബോക്സിങ്ങിൽ 60 കിലോ വിഭാഗത്തിൽ ജയ്ഭഗവാൻ പ്രീ-ക്വാർട്ടറിൽ പുറത്തായി. കസാഖ്സ്താന്റെ ഗാനി സൈലോവിനോടാണ് ഇന്ത്യൻ താരത്തിന്റെ തോൽവി. (8-16). ഏഷ്യൻ ഗെയിംസ് ഷൂട്ടിങ് ചാമ്പ്യൻ രഞ്ജൻ സോധി പുരുഷ ഡബ്ൾ ട്രാപ് വിഭാഗത്തിൽ പുറത്തായതും ഇന്ത്യക്ക് തിരിച്ചടിയായി.

25 മീറ്റർ റാപ്പിഡ് ഫയർ പിസ്റ്റൾ വിഭാഗത്തിൽ വിജയ്കുമാർ മെഡൽ പ്രതീക്ഷ നിലനിർത്തി വെള്ളിയാഴ്ച നടക്കുന്ന രണ്ടാം റൗണ്ടിൽ കടന്നു. ഷൂട്ടിങ്ങിൽ 50 മീറ്റർ ഇനത്തിൽ ഗഗൻ നാരംഗും ഇന്ന് മത്സരത്തിനിറങ്ങുന്നു. ഒളിമ്പിക്സിൽ ആവേശം വിതറുന്ന അത്ലറ്റിക്സ് ഇനങ്ങൾക്ക് വെള്ളിയാഴ്ച തുടക്കമാവും.

ഒളിമ്പിക്സ് ബാഡ്മിന്റൺ വനിതാ സിംഗ്ൾസിൽ ഡെന്മാർക്കിന്റെ ടിനെ ബൗനിനെ തോൽപിച്ച് സെമിയിൽ കടന്ന സൈന നെഹ്വാളിന്റെ ആഹ്ലാദം

അൻപെഴും പൊൻപഴം
ഇന്നത്തെ പത്രത്തോടൊപ്പം
മാധ്യമം ചെപ്പ്
നല്ല വായനയുടെ അക്ഷരച്ചെപ്പ്

ജയരാജന്റെ അറസ്റ്റ്: ഓരോ അക്രമസംഭവത്തിനും കേസ്

പൊലീസിന്റെ സംരക്ഷണത്തിന് വേണ്ടിവന്നാൽ പുതിയ നിയമം – മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പി. ജയരാജന്റെ അറസ്റ്റിനെ തുടർന്ന് സംസ്ഥാനത്തുണ്ടായ ഓരോ അക്രമസംഭവത്തിനും കേസെടുത്ത് നിയമനടപടി കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. പൊലീസുകാരുടെ സംരക്ഷണത്തിന് നിലവിലെ നിയമം മതിയാകില്ലെങ്കിൽ പുതിയനിയമം കൊണ്ടുവരും. പൊലീസുകാരുടെ വീടുകയറി ആക്രമിക്കുകയും കൃഷി നശിപ്പിക്കുകയും കുടുംബത്തെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്. ഇത് ഗൗരവമായി കാണുമെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ജയരാജന്റെ അറസ്റ്റിനെ തുടർന്നുണ്ടായ അക്രമങ്ങളെക്കുറിച്ച് നിരവധി പരാതികൾ കിട്ടിയിട്ടുണ്ട്. എല്ലാ സംഭവങ്ങളിലും അതിന്റെ ഗൗരവത്തിനനുസരിച്ച് നിയമനടപടി എടുക്കും. അപ്പോൾ പ്രതികാര നടപടി എന്ന് പറഞ്ഞ് ആക്ഷേപിക്കരുത്. പ്രതിഷേധിക്കാനും പ്രതികരിക്കാനുമുള്ള അവകാശം മറ്റുള്ളവരുടെ സ്വാതന്ത്ര്യം ഹനിച്ചും വെല്ലുവിളിച്ചും ആകരുത്.

അക്രമം നടത്തിയത് സാമൂഹികവിരുദ്ധരാണെന്ന എം.എ. ബേബിയുടെ പ്രസ്താവന ശ്രദ്ധയിൽപെടുത്തിയപ്പോൾ എല്ലാ റെക്കോഡുകളും ഫോട്ടോകളും നോക്കി പൊലീസ് നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 200 പേർ നോക്കിനിൽക്കെ കൊലപ്പെടുത്തിയ ഷുക്കൂറിന്റെ കേസിൽ ആരും സാക്ഷി പറയാൻ മുന്നോട്ടുവന്നില്ല. ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതികളെ കണ്ടെത്താൻ പൊലീസിനായി.

തന്റെ ഫോണും ചോർത്തിയെന്ന പിണറായി വിജയന്റെ ആരോപണം ശ്രദ്ധയിൽപെടുത്തിയപ്പോൾ എം.എൽ.എമാരുടെയോ രാഷ്ട്രീയ നേതാക്കളുടെയോ ഫോൺ ചോർത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി മറുപടി നൽകി. കേസിൽ സംശയിക്കുന്ന ഒരാളുടെ ഫോൺ പൊലീസ് നിരീക്ഷിച്ചിരുന്നു. ഇതിന് പൊലീസിന് അവകാശമുണ്ട്. എം.എൽ.എയുടെ ഫോണല്ല ടാപ്പ് ചെയ്തത്.

നെല്ലിയാമ്പതി എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട് സർക്കാർ സമയബന്ധിത നടപടി എടുക്കും. പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകളുടെ കാര്യത്തിൽ യു.ഡി.എഫ് നിലപാടിൽ മാറ്റമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

Asia Express Exchange
Oman
ഞങ്ങൾക്കറിയാം പണത്തിന്റെ മൂല്യം!
സ്വപ്നങ്ങളും പ്രതീക്ഷകളും കൈമാറുന്നതിന്റെ മൂല്യം!!
Account Credit • Forex
Demand Draft • Cash Pickup Service
www.luluexchange.com

യുവതി പാളത്തിൽ വീണു

ദുബൈയിൽ നിന്ന് മടങ്ങിയ കുടുംബത്തെ ട്രെയിനിൽ കൊള്ളയടിച്ചു

കണ്ണൂർ: ദുബൈയിൽ നിന്ന് മുംബൈ വഴി നാട്ടിലേക്ക് മടങ്ങുകയായിരുന്ന കുടുംബം ട്രെയിനിൽ കൊള്ളയടിക്കപ്പെട്ടു. കവർച്ച തടയാൻ ശ്രമിച്ച യുവതി മോഷ്ടാവുമായുള്ള പിടിവലിക്കിടെ ഓടുന്ന ട്രെയിനിൽ നിന്ന് പാളത്തിലേക്ക് വീണു.

വ്യാഴാഴ്ച പുലർച്ചെ മൂന്നരയോടെ ട്രെയിൻ കാഞ്ഞങ്ങാട് സ്റ്റേഷൻ വിട്ട ശേഷമാണ് സംഭവം.

എറണാകുളം നോർത്ത് പൈപ്പ് ലൈൻ റോഡിലെ ഈച്ചരങ്ങാട്ട് വേണു ശങ്കരൻ (31), ഭാര്യ ലിപ്സി(27) മക്കളായ മാത്യൂസ് (അഞ്ച് വയസ്സ്), മിഷായേൽ (ഒരുവയസ്സ്) എന്നിവരടങ്ങുന്ന കുടുംബമാണ് മംഗള എക്സ്പ്രസിൽ കവർച്ചക്കിരയായത്.

1,40,000 രൂപ മൂല്യമുള്ള യു.എ.ഇ ദിർഹം, 6000 ഇന്ത്യൻ രൂപ, ലിപ്സിയുടെയും മക്കളുടെയും വിസ, പാസ്പോർട്ട്, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് എന്നിവയടങ്ങിയ ഹാൻഡ്ബാഗാണ് നഷ്ടപ്പെട്ടത്. എസ്-അഞ്ച് കമ്പാർട്മെന്റിലെ 71,72 ബെർത്തുകളിലാണ് കുടുംബം കിടന്നിരുന്നത്.

ലിപ്സി തലക്കടിയിൽവെച്ച ഹാൻഡ്ബാഗ് വലിച്ചെടുത്ത് മോഷ്ടാവ് ട്രെയിനിൽ നിന്ന് പുറത്തേക്ക് ചാടുകയായിരുന്നു. ബാഗിൽ പിടിത്തമിട്ട യുവതിയും പുറത്തേക്ക് തെറിച്ചുവീണു. ഭർത്താവ് ബഹളം വെച്ചതിനെത്തുടർന്ന് യാത്രക്കാർ അപായച്ചങ്ങല വലിച്ച് ട്രെയിൻ നിർത്തി. ഇതിനിടെ നിലവിളി കേട്ടെത്തിയ വഴിയാത്രക്കാരാണ് യുവതിയെ കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിലെത്തിച്ചത്. സ്റ്റേഷൻ അധികൃതരുടെ സഹായത്തോടെ അതേ വണ്ടിയിൽ കണ്ണൂരിലെത്തിയ കുടുംബം റെയിൽവേ പൊലീസിൽ പരാതി നൽകി. കേസ് കാസർകോട് റെയിൽവേ പൊലീസിനു കൈമാറി. നിസ്സാര പരിക്കുകളോടെ രക്ഷപ്പെട്ട ലിപ്സിയെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ വൈദ്യപരിശോധനക്ക് വിധേയയാക്കി. ദുബൈയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വേണു ശങ്കരനും കുടുംബവും ഒരുമാസത്തെ അവധിക്ക് നാട്ടിലേക്കു തിരിച്ചതായിരുന്നു. ചൊവ്വാഴ്ച രാത്രി വിമാനമാർഗം മുംബൈയിൽ വന്നിറങ്ങിയ ഇവർ ബുധനാഴ്ച രാവിലെ കല്യാൺ സ്റ്റേഷനിൽ നിന്നാണ് മംഗള എക്സ്പ്രസിൽ കയറിയത്.

ഗൾഫിൽ നിന്ന് മുംബൈ വഴി നാട്ടിലേക്ക് മടങ്ങവേ ട്രെയിനിൽ കൊള്ളയടിക്കപ്പെട്ട കുടുംബം

പുണെ സ്ഫോടന പരമ്പര: ആറു പേർ കസ്റ്റഡിയിൽ

മുംബൈ: പുണെ ജങ്ലി മഹാരാജ് റോഡിലുണ്ടായ സ്ഫോടന പരമ്പരയുമായി ബന്ധപ്പെട്ട് സ്ഫോടനത്തിൽ പരിക്കേറ്റ സന്ദീപ് ബാബുറാവു പാട്ടീലുൾപ്പെടെ ആറു പേർ പൊലീസ് കസ്റ്റഡിയിൽ.

സ്ഫോടനത്തിൽ പരിക്കേറ്റ സന്ദീപ് റാവു പാട്ടീൽ പൊലീസ് വലയത്തിൽ പുണെയിലെ സസൂൺ ആശുപത്രിയിൽ ചികിത്സയിലാണ്.

പാട്ടീലിന്റെ ഭാര്യ സത്യകല, അവരുടെ സഹോദരൻ, അയൽക്കാരൻ തുടങ്ങിയവരെയാണ് പുണെ ക്രൈംബ്രാഞ്ച് കസ്റ്റഡിയിൽ ചോദ്യംചെയ്യുന്നത്.

സന്ദീപിന്റെ ഉർളികാഞ്ചനിലുള്ള വീട്ടിൽ റെയ്ഡ് നടത്തിയ പൊലീസ് അയാളുടെ പാസ്പോർട്ട് പിടിച്ചെടുത്തു.

ഇയാൾ വിദേശയാത്രകൾ നടത്തിയതായി വ്യക്തമായതായി പുണെ ക്രൈംബ്രാഞ്ച് വൃത്തങ്ങൾ പറഞ്ഞു.